## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5607 — 29.07.2015-ൽ മറുപടിക്ക്.

### ശ്രീമതി കെ.വി. അനിതയുടെ ഹർജി-സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊലചെയ്യപ്പെട്ട വ്യക്തികളുടെ ബന്ധുക്കളുടെ അപേക്ഷ പ്രകാരം കേസ്സ് വാദിക്കുന്നതിന് എത്ര പേർക്ക് സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | :(എ) സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന പരാതിയിന്മേൽ നിലവിലുള്ള മാനദണ്ഡമനുസരിച്ച് അർഹതയുള്ളതാണോയെന്നും ആയത് പൊതുജനതാൽപ്പര്യമുള്ളതോ അസാധാരണ സാഹചര്യമുള്ളതാണോയെന്നും സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം വാങ്ങി ആയത് പരിശോധിച്ച് നിയമന യോഗ്യതയുള്ളപക്ഷം സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറെ നിയമിച്ച് ഉത്തരവാകാറുണ്ട്. |
| (ബി) 2013 സെപ്തംബർ 16 ന് തിരുവോണനാളിൽ കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട എം.ബി ബാലകൃഷ്ണന്റെ ഭാര്യ ശ്രീമതി.കെ.വി. അനിത സമർപ്പിച്ച ഹർജിയിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(സി) ശ്രീമതി.കെ.വി. അനിതയുടെ ഹർജി പരിഗണിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | :(ബി)യും (സി)യും) കൊല ചെയ്യപ്പെട്ട ശ്രീ. എം.ബി. ബാലകൃഷ്ണന്റെ ഭാര്യ ശ്രീമതി. അനിതാ.കെ.വി സ്പെഷ്യൽ പബ്ളിക് പ്രോസിക്യൂട്ടറെ നിയമിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി നിവേദനം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി മുമ്പാകെ നിലവിലുള്ള കേസിന്റെ നടത്തിപ്പിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കേണ്ട അസാധാരണ സാഹചര്യമൊന്നും നിലവിലില്ലെന്നും പ്രസ്തുത കോടതിയിലെ ഗവൺമെന്റ് പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർ മേൽ കേസിന്റെ നടത്തിപ്പിന് അനുയോജ്യനാണെന്നും കൂടാതെ ടിയാളുടെ കേസ് നടത്തിപ്പിനെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും തന്നെയില്ല എന്ന് വ്യക്തമായതിനെത്തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ